**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3862** **27-10-2021 - ൽ മറുപടിയ്ക്ക്**

**സി-ആപ്റ്റിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സി-ആപ്റ്റിന്റെ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം സ്ഥാപനത്തിന് ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 10-06-2003തീയതിയിലെ ജി.ഒ. (ആർ.ടി) നം. 2161/03/ ജിഇഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സി-ആപ്റ്റിന്റെ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതി നായി വിവിധ ജില്ലകളിലായി നിർത്ത ലാക്കിയ 10 സ്കൂൾ കെട്ടിടങ്ങൾ 5 വർഷ ത്തേക്ക് ഫെയർ റെന്റായി സെന്ററിന് അനുവദിച്ച് നൽകിയിരുന്നു. ടി സ്കൂൾ കെട്ടിടങ്ങൾ സി-ആപ്റ്റിനായി അനുവദിച്ച് നൽകിയിരുന്ന കാലയളവ് 5 വർഷം കഴിഞ്ഞ സാഹചര്യത്തിൽ ആയത് ദീർഘിപ്പിച്ച് നൽകണമെന്നും ടി കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം സെന്ററിന് ലഭ്യമാക്കണമെന്നും അല്ലാത്തപക്ഷം, പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിൽ നിലനിർത്തി ടി കെട്ടിടങ്ങൾ സി-ആപ്റ്റിന്റെ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിനായി അനുമതി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 20-12-2018-ൽ സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടർ പൊതുവിദ്യാഭ്യാസ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | സി-ആപ്റ്റിൽ ലോക്കൽ പർച്ചേസ് ചെയ്യുന്ന അച്ചടി സാമഗ്രികൾ, സ്റ്റേഷനറി സാധനങ്ങൾ എന്നിവ സി-ആപ്റ്റ് എംപ്ലോയീസ് ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി വഴി പർച്ചേസ് ചെയ്യാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | സി-ആപ്റ്റിൽ ലോക്കൽ പർച്ചേസ് ഉൾപ്പെടെയുള്ള എല്ലാ പർച്ചേസ് നടപടികളും സ്റ്റോഴ്സ് പർച്ചേസ് ചട്ടങ്ങളുടെയും, സ്റ്റോഴ്സ് പർച്ചേസ് മാനുവലിന്റെയും അടിസ്ഥാനത്തിലാണ് നടത്തുന്നത്. ആയതിനാൽ, ലോക്കൽ പർച്ചേസ് ചെയ്യുന്ന അച്ചടി സാമഗ്രി കൾ, സ്റ്റേഷനറി സാധനങ്ങൾ എന്നിവ സി-ആപ്റ്റ് എംപ്ലോയീസ് ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി വഴി പർച്ചേസ് ചെയ്യുവാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ